## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 16, ചൊവ്വ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

ഊർജ്ജ വകുപ്പുമന്ത്രി
സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി
ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

വ്യാവസായിക മാലിന്യ നിർമാർജ്ജനം

*331. ശ്രീ.എം.വി.ശ്രേയാംസ് കുമാർ
,, പി.സി. ജോർജ്
ഡോ.എൻ. ജയരാജ്
ശ്രീ.റോഷി അഗസ്റ്റിൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്, വ്യവസായ സ്ഥാപനങ്ങൾ പുറത്തു വിടുന്ന മാലിന്യങ്ങളുടെ അളവ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിബന്ധനകൾക്ക് വിധേയമായിട്ടാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മാലിന്യങ്ങളുടെ അളവ് നിയന്ത്രണ വിധേയമാക്കുന്നതിന് വ്യവസായ വകുപ്പ് മുൻകൈയ്യെടുത്ത് നടത്തുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) വ്യവസായ വകുപ്പിന്റെ സഹകരണത്തോടെ മലിനീകരണ നിയന്ത്രണ ബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) വിശാല കൊച്ചിയിലെ ഏലൂർ ഇടയാറിലേയും അമ്പലമുകളിലേയും പാരിസ്ഥിതിക

ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വ്യവസായ വകുപ്പ് മുൻകൈയ്യെടുത്ത് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

<u>സഹകരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി</u>

*332. ശ്രീ.എം. ഹംസ

,, ജി.സുധാകരൻ

,, കെ.കെ.നാരായണൻ

,, കെ. ദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിപണിയിൽ ഇടപെടുന്നതിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സഹകരണ ബാങ്ക് നൽകിയ വായ്പ തിരിച്ചു നൽകാത്തതിന്റെ പേരിൽ സംസ്ഥാന സഹകരണ ബാങ്ക് നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) വിപണി ഇടപെടലിന് പണം ലഭ്യമാകാതെ കൺസ്യൂമർഫെഡ് പോലുള്ള സഹകരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സഹകരണ സ്ഥാപനങ്ങൾക്ക് തുടർന്നും വിപണി ഇടപെടലിനും ലോൺ സംഖ്യകളുടെ തിരിച്ചടവിനും പണം ലഭ്യമാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

<u>പട്ടികവർഗ്ഗ വിഭാഗത്തിന് അർഹമായ സംവരണം</u>

*333. ശ്രീ.കെ.രാധാകൃഷ്ണൻ

,, എ.കെ.ബാലൻ

,, കെ.വി.വിജയദാസ്

,, പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നടക്കുന്ന നിയമനങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിന് അർഹമായ സംവരണം ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിന് അർഹമായ സംവരണം ലഭ്യമായിട്ടില്ലായെന്ന ദേശീയ

പട്ടികജാതി കമ്മീഷന്റെ വിലയിരുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും പരിശോധനകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യമേഖലയിലടക്കം പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം ഉറപ്പാക്കുന്നതിന് എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ?

## വൈദ്യുത പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിന് നടപടികൾ

*334. ശ്രീ.പി.എ.മാധവൻ

,, കെ.ശിവദാസൻ നായർ

,, റ്റി.എൻ. പ്രതാപൻ

,, എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഇതിനായി ഏതെല്ലാം സബ് സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണമാണ് പൂർത്തിയാക്കിയിട്ടുള്ളത് ; വിശദമാക്കുമോ?

## നിർമ്മിതികേന്ദ്രം ഏകജാലകമാക്കാൻ പദ്ധതി

*335. ശ്രീ.വി.ഡി.സതീശൻ

,, വർക്കല കഹാർ

,, കെ.മുരളീധരൻ

,, ജോസഫ് വാഴയ്ക്കൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണ ജനങ്ങൾക്ക് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ഉതകുന്ന വിധം നിർമ്മിതികേന്ദ്രത്തെ ഏകജാലക കേന്ദ്രമാക്കി രൂപപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇതിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത് ;

വിശദമാക്കാമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

<u>പവർഗ്രിഡ് കോർപ്പറേഷൻ</u>

*336. ശ്രീമതി.ജമീല പ്രകാശം
ശ്രീ.മാത്യു റ്റി.തോമസ്
,, ജോസ് തെറ്റയിൽ
,, സി.കെ.നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പവർഗ്രിഡ് കോർപ്പറേഷൻ കേരളത്തിന് ലൈനുകൾ അനുവദിക്കുന്നത് സംബന്ധിച്ച് തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം വടക്കൻ കേരളത്തിൽ വൈദ്യുതി നിയന്ത്രണം വേണ്ടിവരുന്നുണ്ടോ;

(സി) ഈ നടപടിക്കെതിരെ കേന്ദ്ര റഗുലേറ്ററി കമ്മീഷനെ സമീപിക്കുവാൻ കാലതാമസം വന്നിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ?

<u>വൈദ്യുതി സർച്ചാർജ്ജ്</u>

*337. ശ്രീമതി.ഗീതാ ഗോപി
ശ്രീ.വി.എസ്.സുനിൽ കുമാർ
,, മുല്ലക്കര രത്നാകരൻ
,, കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിക്ക് സർച്ചാർജ്ജ് ഈടാക്കണമെന്ന് ആവശ്യപ്പെട്ട് ബോർഡ് റഗുലേറ്ററി കമ്മീഷന് അപേക്ഷ നല്കിയിട്ടുണ്ടോ, ഉണ്ടെങ്കിൽ യൂണിറ്റിന് എത്ര തുക സർച്ചാർജ്ജായി ഈടാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഒരു യൂണിറ്റ് വൈദ്യുതിയുടെ നിരക്ക് എത്രയായിരുന്നു, ഇപ്പോൾ എത്ര തുക ഈടാക്കുന്നുണ്ട്?

<u>സംസ്ഥാന -കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ചേർന്നുള്ള വിപണി വിപുലീകരണം കാര്യം</u>

*338. ശ്രീ.പാലോട് രവി

,, വർക്കല കഹാർ

,, അൻവർ സാദത്ത്

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് വിപണി വിപുലീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെ ആണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

<u>ഓരോ നിയോജക മണ്ഡലത്തിലും ഒരു ഐ.റ്റി. പാർക്ക്</u>

*339. ശ്രീ.സി.എഫ്.തോമസ്

,, മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള

,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മെട്രോ നഗരങ്ങളുടെ അസൗകര്യങ്ങൾ പരിഗണിച്ച് ഓരോ നിയോജക മണ്ഡലത്തിലും ഒരു ഐ.റ്റി. പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഐ.റ്റി. വ്യവസായം കേരളത്തിൽ കൂടുതലായി ആരംഭിക്കുന്നതിന് സ്വീകരിച്ച് വരുന്ന പദ്ധതികൾ വിശദമാക്കാമോ?

<u>മലബാർ മേഖലയിലെ വൈദ്യുതി പ്രശ്നങ്ങൾ</u>

*340. ശ്രീ.പി.ഉബൈദുള്ള

,, എൻ .എ.നെല്ലിക്കുന്ന്

,, അബ്ദുറഹിമാൻ രണ്ടത്താണി

,, റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്ന കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പ്രശ്നത്തിന് എത്രത്തോളം പരിഹാരമുണ്ടാക്കാനായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലയിലുണ്ടാകുന്ന വൈദ്യുതി തകരാർ പരിഹരിച്ചു കിട്ടാൻ വളരെയേറെ കാലതാമസമുണ്ടാകുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത മേഖലയിലെ വൈദ്യുതി വിതരണ സംവിധാനത്തിലെ പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സാങ്കേതിക വിദഗ്ധരുടെ സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ?

## ഭക്ഷ്യസംസ്കരണ മിഷൻ

*341. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, സി.പി.മുഹമ്മദ്

,, സണ്ണി ജോസഫ്

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രായുടെ നേതൃത്വത്തിന് ഭക്ഷ്യസംസ്കരണ മിഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് വേണ്ടി ലഭ്യമാക്കിയതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## റെയിൽവേ വികസന പദ്ധതികൾ

*342. ശ്രീ.ടി.വി.രാജേഷ്

,, ബി.സത്യൻ

,, വി.ചെന്താമരാക്ഷൻ

,, ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൽവേ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ കണ്ടെത്തുന്നതിനും ആവിഷ്കരിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) റെയിൽവേ സംസ്ഥാനത്ത് പ്രഖ്യാപിക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും യഥാസമയം ഇടപെടുന്നതിനും നിലവിലുള്ള സംവിധാനം എത്രത്തോളം പര്യാപ്തമാണ് ?

<u>സഹകരണ മേഖലയുടെ സാമൂഹ്യ ബാധ്യതകൾ</u>

*343. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, ഇ.പി.ജയരാജൻ

,, എം.ചന്ദ്രൻ

,, കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണമേഖലയ്ക്ക് അതിന്റെ സാമൂഹ്യബാദ്ധ്യതകൾ നിറവേറ്റുന്നതിനു സാദ്ധ്യമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേന്ദ്രസർക്കാരിന്റെ നയസമീപനങ്ങളും നിർദ്ദേശങ്ങളും മൂലം സഹകരണപ്രസ്ഥാനം വഴി സമൂഹത്തിനു ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ തടയപ്പെടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ത്രിതലവായ്പാസംഘങ്ങൾ നടത്തിവന്നിരുന്ന ഏതെല്ലാം പ്രവര്ത്തനങ്ങൾ ഇപ്പോൾ തടയപ്പെട്ടിട്ടുണ്ട്;

(സി) സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിക്കാതെയുള്ള റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും നിലപാടുകൾക്കെതിരെ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു;

(ഡി) സ്വകാര്യമേഖലയെ സഹായിക്കുന്ന കാഴ്ചപ്പാടുള്ള അധികാരികളുടെ നിലപാടിന്റെ ഫലമാണ് ഇത്തരത്തിൽ സഹകരണമേഖലയിൽക്കൂടി സമൂഹത്തിനു ലഭ്യമാക്കാൻ കഴിയുന്ന സഹായങ്ങൾ ലഭ്യമാക്കുന്നതിനു സാധിക്കാതെ വരുന്നതെന്ന പരാതിയിൽ നിലപാട് വ്യക്തമാക്കുമോ?

<u>പാസഞ്ചർ വാഹനങ്ങൾ , ട്രെയിനുകൾ എന്നിവയിലെ അനധികൃതസാധന കടത്ത്</u>

*344. ശ്രീ.സി.പി.മുഹമ്മദ്

,, കെ.അച്ചുതൻ

,, ബെന്നി ബെഹനാൻ

,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാസഞ്ചർ വാഹനങ്ങളിലും ട്രെയിനുകളിലും അനധികൃതമായി സാധനങ്ങൾ കടത്തുന്നതു തടയാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ബി) സാധനങ്ങൾ കടത്തുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുവാൻ വകുപ്പിൽ എന്തെല്ലാം സംവിധാനം നിലവിലുണ്ടെന്നു വിശദമാക്കുമോ;

(സി) ഇതിനെതിരെ കർശനനടപടിയെടുക്കാൻ വകുപ്പിനെ ശക്തിപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

<u>കൈത്തറി മേഖലയെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് നടപടി</u>

*345. ശ്രീ.സി.കൃഷ്ണൻ

,, ഇ.പി.ജയരാജൻ

,, എസ്.ശർമ്മ

,, കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് ഈ സർക്കാർ പ്രഖ്യാപനങ്ങൾ നടത്തിയെങ്കിലും പ്രസ്തുത പരമ്പരാഗത വ്യവസായങ്ങളുടെ പുരോഗതിക്കായി യാതൊന്നും ചെയ്തില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൈത്തറി മേഖലയിൽ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കാൻ കഴിയുന്ന നിലയിൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള എന്തെങ്കിലും ആലോചനകൾ നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

<u>സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളുടെ പിരിച്ചുവിടൽ</u>

*346. ശ്രീ.ബാബു എം. പാലിശ്ശേരി

,, കോടിയേരി ബാലകൃഷ്ണൻ

ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികളെ നിയോഗിച്ചുകൊണ്ടിരിക്കുന്നതും, കാലാവധി കഴിഞ്ഞ സഹകരണ സംഘങ്ങളിൽ യഥാസമയം തെരഞ്ഞെടുപ്പ് നടത്താതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ സംഘങ്ങളിൽ ജനാധിപത്യ ഭരണം ഇല്ലാതാക്കുന്ന ഇത്തരം നടപടികൾ നിയന്ത്രിക്കാമോ;

(സി) പിരിച്ചുവിടപ്പെട്ട ഭരണസമിതിയ്ക്ക് വീണ്ടും അധികാരം തിരിച്ചുനൽകാൻ ഏതെങ്കിലും സംഘത്തിന്റെ കാര്യത്തിൽ ബഹു.ഹൈക്കോടതി വിധി പ്രസ്താവിക്കുകയുണ്ടായിട്ടുണ്ടോ; ഏതെല്ലാം സംഘങ്ങളുടെ കാര്യത്തിൽ ഇത്തരത്തിൽ സംഭവിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ, അഡ്മിനിസ്ട്രേറ്ററോ ഭരണം നടത്തിവരുന്ന സംഘങ്ങൾ എത്രയാണ്;

(ഇ) ഇത്തരത്തിൽ സംഘം ഭരണസമിതികൾ പിരിച്ചുവിട്ട സഹകരണ ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>വാർഷിക പദ്ധതികളുടെ സമയബന്ധിതമായ അവലോകനം</u>

*347. ഡോ.കെ.ടി.ജലീൽ

,, ടി.എം.തോമസ് ഐസക്

ശ്രീ.കെ.വി.അബ്ദുൾ ഖാദർ

,, കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകൾ നടപ്പാക്കേണ്ട വാർഷിക പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി ഫലപ്രദമായി പണം ചെലവഴിക്കുന്നുണ്ടോയെന്ന് അവലോകനം നടത്താറുണ്ടോ;

(ബി) സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും പദ്ധതി നടത്തിപ്പിനായി അനുവദിക്കുന്ന തുകകൾ ഏത് വിധത്തിൽ ചെലവഴിക്കുന്നുവെന്നു പരിശോധിക്കുന്നതിന് എന്തു സംവിധാനമാണ് നിലവിലുള്ളത്;

(സി) പദ്ധതി നടത്തിപ്പിനായി അനുവദിക്കുന്ന തുക ശരിയായ രീതിയിൽ യഥാസമയം വിനിയോഗിക്കാതെ ബാങ്കുകളിലും മറ്റും നിക്ഷേപിക്കുന്ന പ്രവണത തടയുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഉണ്ടോ;

(ഡി) ഇപ്രകാരം എന്ത് തുകയാണ് ബാങ്കുകളിലും മറ്റും കെട്ടിക്കിടക്കുന്നതെന്നു പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി

T *348. ശ്രീ.സി.ദിവാകരൻ

,, പി.തിലോത്തമൻ

,, ഇ.കെ.വിജയൻ

,, ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി ഉപേക്ഷിക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പൈപ്പ ലൈനിനു വേണ്ടി ഇതുവരെ ഏതെങ്കിലും ജോലികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിക്കായി സ്ഥലമേറ്റെടുപ്പപോലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ,

(സി) ഗെയിൽ(ഇന്ത്യ) കേരളത്തിലെ പ്രസ്തുത പദ്ധതി ഉപേക്ഷിക്കുന്നതായി സൂചന നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി പൂർത്തിയാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## വൈദ്യുതി പ്രസരണ നഷ്ടം

*349. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണത്തിൽ ശരാശരി എത്ര യൂണിറ്റ് പ്രസരണ നഷ്ടം ഉണ്ടാകുന്നതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

## കേന്ദ്രവൈദ്യുതി നിയമ ഭേദഗതി - വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണം

*350. ശ്രീ.എ.കെ.ബാലൻ

,, കോടിയേരി ബാലകൃഷ്ണൻ

,, കെ.സുരേഷ് കുറുപ്പ്

,, രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രവൈദ്യുതി നിയമ ഭേദഗതി സംസ്ഥാനത്തെ വൈദ്യുതി മേഖലയെ ഏതെല്ലാം തരത്തിൽ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) വൈദ്യുതി മേഖലയെ ശിഥിലമാക്കി സ്വകാര്യവൽക്കരിക്കുന്നതിന് സാഹചര്യമൊരുക്കലും വൈദ്യുതി നിയമഭേദഗതിയുടെ ഉദ്ദേശമായിരുന്നുവെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ;

(സി) വൈദ്യുതി ഉൽപാദന-പ്രസരണ-വിതരണ രംഗത്തെ കേന്ദ്രസർക്കാരിന്റെ എന്തെല്ലാം നിലപാടുകളോടാണ് വിയോജിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പുതിയ നിയമഭേദഗതി നിർദ്ദേശം സംബന്ധിച്ച് കേന്ദ്രം സംസ്ഥാനത്തോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; സംസ്ഥാന സർക്കാർ നൽകിയ മറുപടി വെളിപ്പെടുത്താമോ?

<u>വൈദ്യുതി വിഹിതം സംബന്ധിച്ച് കേന്ദ്ര റഗുലേറ്ററി കമ്മീഷന് മുന്നിലുള്ള കേസ്സിന്റെ സ്ഥിതി</u>

*351. ശ്രീ.കെ.വി.അബ്ദുൾ ഖാദർ

,, പി.ശ്രീരാമകൃഷ്ണൻ

,, കെ.കെ.ജയചന്ദ്രൻ

,, കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് അർഹിക്കുന്ന വൈദ്യുതി വിഹിതം നിഷേധിക്കുന്നത് സംബന്ധിച്ച് കേന്ദ്ര റഗുലേറ്ററി കമ്മീഷന് മുന്നിലുള്ള കേസ്സിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ കേസ്സ് മനപ്പൂർവ്വം നീട്ടിക്കൊണ്ടുപോകുന്നതിനുള്ള നീക്കം നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) റഗുലേറ്ററി കമ്മീഷന് മുന്നിലുള്ള കേസ്സ് തീർപ്പാക്കി സംസ്ഥാനത്തിനർഹമായ വൈദ്യുതി ലഭ്യമാക്കാത്തത് വൈദ്യുതി പ്രതിസന്ധിക്ക് കാരണമാകുന്നതായി കരുതുന്നുണ്ടോ ;

(ഡി) ഈ കേസ്സ് ഉടൻ തീർപ്പാക്കി സംസ്ഥാനത്തിനർഹമായ വൈദ്യുതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതിൽ അധികാരികളുടെ ഭാഗത്തു വീഴ്ചകൾ ഉണ്ടായതായ ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ?

<u>നികുതി വെട്ടിപ്പു സംബന്ധിച്ച പൊതുചെലവ് അവലോകന സമിതിയുടെ റിപ്പോർട്ട്</u>

*352. ശ്രീ.പി.റ്റി.എ. റഹീം

,, എളമരം കരീം

,, എ.എം. ആരിഫ്

,, സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം 6,000 മുതൽ 7,000 കോടി രൂപയുടെ വരെ നികുതിവെട്ടിപ്പ് നടക്കുന്നതായി സംസ്ഥാന സർക്കാർ നിയമിച്ച പൊതുചെലവ് അവലോകന സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് ഏതെല്ലാം മേഖലയിലാണ് നടക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) എങ്കിൽ ഇത്തരത്തിൽ നികുതിവെട്ടിപ്പ് നടക്കുന്നതു തടയുന്നതിനുള്ള സംവിധാനം പരാജയപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ കണ്ടെത്തലിനെ തുടർന്ന് എന്തു പുതിയ നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ?

## <u>പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർബാങ്കിംഗ് സംവിധാനം</u>

*353. ശ്രീ.എ.റ്റി.ജോർജ്

,, പി.എ.മാധവൻ

,, സണ്ണി ജോസഫ്

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലയും ഇടപാടുകാരുടെ സൗകര്യവും കണക്കിലെടുത്ത് കോർബാങ്കിംഗിന് അനുയോജ്യമായ സംവിധാനം തെരഞ്ഞെടുക്കുന്നതിന് സംഘങ്ങൾക്കുള്ള സ്വാതന്ത്ര്യം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി സഹകരണ രജിസ്ട്രാറുടെ അനുമതി നിർബന്ധമാക്കുമോ?

## <u>പൊതുമേഖലാ സ്ഥാപനങ്ങൾ</u>

*354. ശ്രീ.എളമരം കരീം

,, രാജു എബ്രഹാം

,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

,, കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിക്കപ്പെട്ട ഒൻപത് പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; ഓരോന്നിനെ സംബന്ധിച്ചും വിശദമാക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള അവഗണന ഈ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിൽ സർക്കാർ വരുത്തുന്ന വീഴ്ചകൾ ഈ ഒൻപത് സ്ഥപനങ്ങളടക്കം തകർച്ച നേരിടുന്നതിന് കാരണമാകുമെന്ന ആക്ഷേപത്തോട് നിലപാട് വ്യക്തമാക്കുമോ;

<u>സംസ്ഥാനത്തിന്റെ വൈദ്യുതി കമ്മി</u>

*355. ശ്രീ.പി.കെ.ബഷീർ

,, സി.മമ്മൂട്ടി

,, സി.മോയിൻ കുട്ടി

,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വൈദ്യുതി കമ്മി ലഘൂകരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ പത്ത് വർഷത്തിനിടെ പുതിയ പദ്ധതികൾക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ ഏതൊക്കെ പ്രോജക്ടുകൾ യാഥാർത്ഥ്യമാക്കാൻ സാധിച്ചു എന്നതിന്റെ വിശദവിവരം നൽകാമോ;

(സി) ഈ വർഷം നവംബർ മാസത്തിൽ സംസ്ഥാനത്തിന്റെ വൈദ്യുത കമ്മി എത്രയായിരുന്നു; ഈ കാലത്ത് ഉപയോഗിച്ച വൈദ്യുതിയുടെ അനുപാതം ,ജലവൈദ്യുത, താപനിലയങ്ങൾ, ആണവനിലയങ്ങൾ, പാരമ്പര്യേതര സ്രോതസ്സുകൾ എന്നിവയിൽ നിന്നുള്ളതിന്റെ ലഭ്യത എന്നിവ വ്യക്തമാക്കുമോ?

<u>ഭവനരഹിതർക്ക് ഭവനം നിർമ്മിച്ചു നൽകുന്ന പദ്ധതി</u>

*356. ശ്രീ.കെ.കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

,, എ.കെ.ബാലന്‍

,, പുരുഷന്‍ കടലുണ്ടി

,, ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ധനകാര്യവും നിയമവും ഭവനനിര്‍മാണവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) രാജ്യത്തെ മുഴുവന്‍ ഭവനരഹിതര്‍ക്കും അഭയമൊരുക്കണമെന്ന സുപ്രീം കോടതി നിര്‍ദ്ദേശം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ ഭവനരഹിതരുടെ ഏതെങ്കിലും തരത്തിലുള്ള സര്‍വ്വേ സര്‍ക്കാര്‍ നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) ഭവനരഹിതരായ ആദിവാസികള്‍ അടക്കം മുഴുവന്‍ ഭവനരഹിതര്‍ക്കും ഭവന നിര്‍മ്മാണം നടത്തുന്നതിന് മറ്റു വകുപ്പുകളുടെ കൂടി ഏകോപനത്തോടെ എന്തെങ്കിലും പദ്ധതികള്‍ ആവിഷ്കരിച്ചിട്ടുണ്ടോ ; ഇതിനായി കണക്കാക്കപ്പെട്ട ആകെ ചെലവെത്ര; വിവിധ സ്കീമുകളില്‍ എന്തു തുക വകയിരുത്തപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>കരിമണല്‍ ഖനനം</u>

*357. ശ്രീ.എം.എ.ബേബി

,, സാജു പോള്‍

,, ആര്‍. രാജേഷ്

,, രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍ക്കാര്‍ തക്ക സമയത്ത് ഇടപെടുന്നതിലെ വീഴ്ച, കരിമണല്‍ ഖനനത്തിന് സ്വകാര്യമേഖലയ്ക്ക് അനുമതി ലഭിക്കുന്നതിന് കാരണമായെന്ന ആക്ഷേപത്തില്‍ സര്‍ക്കാര്‍ നിലപാട് വ്യക്തമാക്കുമോ;

(ബി) സ്വകാര്യമേഖലയില്‍ ലഭിച്ച ഖനനാനുമതി തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) കരിമണല്‍ ഖനനത്തിനു പൊതുമേഖലയില്‍ എന്തെങ്കിലും പുതിയ പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>പ്രഖ്യാപിത പദ്ധതികളുടെ പൂര്‍ത്തീകരണം</u>

*358. ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.എം. ഹംസ

,, സി.കെ സദാശിവന്‍

ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടും ലഭ്യമാകാൻ സാദ്ധ്യതയുള്ള വരുമാനം കൊണ്ടും പ്രഖ്യാപിത പദ്ധതികൾ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ;

(ബി) പ്രഖ്യാപിച്ച പദ്ധതികൾ സാമ്പത്തിക പ്രതിസന്ധി കാരണം വെട്ടിച്ചുരുക്കേണ്ട സാഹചര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

<u>പട്ടികവർഗ്ഗ കോളനികളിലെ ശുദ്ധജലക്ഷാമം</u>

*359. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി

,, എൻ. ഷംസുദ്ദീൻ

,, കെ.എൻ.എ.ഖാദർ

,, എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കോളനികളിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദവിവരം നല്കാമോ ;

(ബി) കോളനി പരിസരങ്ങളിലെ അരുവികൾ മലിനമാകാതിരിക്കാനും ചെറുതടയണകൾ നിർമ്മിച്ച് വേനൽക്കാല ജലദൗർലഭ്യത്തിന് പരിഹാരമുണ്ടാക്കാനുമുള്ള പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ ;

(സി) നിലവിൽ എത്ര പട്ടികവർഗ്ഗ കോളനികളിൽ ശുദ്ധജല വിതരണ പദ്ധതികൾ പ്രവർത്തന ക്ഷമമായിട്ടുണ്ടെന്നതിന്റെ വിശദവിവരം നല്കാമോ ?

<u>മുല്ലപ്പെരിയാർ അണക്കെട്ടിൽ ജലനിരപ്പുയർത്തുന്നതുമൂലം ആദിവാസികൾക്ക് സംഭവിക്കാവുന്ന ദുരവസ്ഥ</u>

*360. ശ്രീ.കെ.കെ.ജയചന്ദ്രൻ

ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.എസ്.രാജേന്ദ്രൻ

,, ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ജലനിരപ്പ് ഉയർത്തുന്ന സുപ്രീംകോടതി തീരുമാനം നടപ്പിലാകുമ്പോൾ അണക്കെട്ട് പരിസരത്ത് താമസിക്കുന്ന ആദിവാസി സമൂഹത്തിന് എന്തു സംഭവിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ? വിശദാംശം വ്യക്തമാക്കുമോ?

(ബി) അണക്കെട്ടിൽ ജലനിരപ്പുയർത്തുന്നതുമൂലം ആദിവാസികൾക്ക് സംഭവിക്കാവുന്ന ദുരവസ്ഥ തടയുന്നതിന് വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

(സി) അണക്കെട്ടിൽ ജലനിരപ്പ് ഉയർത്തുമ്പോഴുണ്ടാവുന്ന അപകടങ്ങളെക്കുറിച്ച് ആദിവാസികളുടെ ആശങ്കയകറ്റുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
08-12-2014

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.